## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 542** **30-06-2016-ന് മറുപടിയ്ക്ക്**

### കേരളത്തിലെ വനവിസ്തൃതി

**ചോദ്യം** **മറുപടി**

**ശ്രീ. ഡി.കെ.മുരളി**

**ശ്രീ. കെ. രാജു**
**(ബഹു. വനവും മൃഗ സംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ വനവിസ്തൃതിയെ സംബന്ധിച്ച കഴിഞ്ഞ പത്തു കൊല്ലത്തെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) | കേരളത്തിലെ വനവിസ്തൃതിയെ സംബന്ധിച്ച കഴിഞ്ഞ 10 കൊല്ലത്തെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കേരളത്തിൽ ഇപ്പോൾ എത്ര വനഭൂമിയാണു ഉള്ളതെന്ന് അറിയിക്കുമോ; | (ബി) | കേരളത്തിൽ ഇപ്പോൾ 11309.48 ചതുരശ്ര കിലോ മീറ്റർ (1130948 ഹെക്ടർ) വനഭൂമിയാണുള്ളത്. |
| (സി) | 2011-2016 കാലഘട്ടത്തിൽ എത്ര വനം കയ്യേറ്റങ്ങൾ നടന്നിട്ടുണ്ട്; എത്ര ഹെക്ടർ വനമാണ് ഇത്തരത്തിൽ കയ്യേറിയിട്ടുള്ളത്; ഇവ തിരിച്ചുപിടിക്കുന്നതിനും കയ്യേറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) | 2011-2016 കാലഘട്ടത്തിൽ 1371.4237 ഹെക്ടർ വനഭൂമി കൈയേറിയിട്ടുണ്ട്. അതിൽ 859.6731 ഹെക്ടർ വനഭൂമി ഒഴിപ്പിച്ചു. കൈയേറ്റക്കാർക്കെതിരെ ഒ.ആർ കേസുകൾ രജിസ്റ്റർ ചെയ്ത്, കോടതിയിൽ കേസ് ചാർജ്ജ് ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ച് സംസ്ഥാനത്തെ | | വനഭൂമിയുടെ കൃത്യമായ വിസ്തൃതി കണ്ടെത്തുന്നതിന് ജി.പി.എസ്, ജി.ഐ.എസ് മാപ്പിങ് സോഫ്റ്റ്‌വെയർ എന്നീ സംവിധാനങ്ങൾ |

| | | | |
|---|---|---|---|
| | വനഭൂമിയുടെ കൃത്യമായ വിസ്തൃതി കണ്ടെത്തുന്നതിനും അത് നഷ്ടപ്പെടാതെ പരിപാലിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | | ഉപയോഗിച്ച് വരുന്നുണ്ട്. കൂടാതെ വനാതിർത്തി സർവ്വേ ചെയ്ത് ജണ്ടയിട്ട് സംരക്ഷിക്കുന്നതിനായി ബീറ്റ് ഫോറസ്റ്റ് ഓഫീസർ, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ എന്നിവർക്ക് സർവ്വേ പരിശീലനം നൽകി അവരുടെ സേവനവും കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. വനഭൂമി നഷ്ടപ്പെടാതെ പരിപാലിക്കുന്നതിനായി വനസംരക്ഷണ ജീവനക്കാരുടെയും തദ്ദേശീയരായ വാച്ചർമാരുടെയും സേവനം ഉപയോഗിച്ച് സംരക്ഷണ പ്രവർത്തനങ്ങൾ ചെയ്തു വരുന്നു. |

Adithya

**സെക്ഷൻ ഓഫീസർ**

അനുബന്ധം

കേരളത്തിൽ ഇപ്പോഴുള്ള വനഭൂമിയുടെ വിസ്തൃതി (ചതുരശ്ര കിലോ മീറ്റർ)

| ക്രമ നം | വർഷം | ആകെ |
|---|---|---|
| 1 | 2005-06 | 11278.2487 |
| 2 | 2006-07 | 11064.2666 |
| 3 | 2007-08 | 11033.3876 |
| 4 | 2008-09 | 11309.4754 |
| 5 | 2009-10 | 11309.4754 |
| 6 | 2010-11 | 11309.4754 |
| 7 | 2011-12 | 11309.4754 |
| 8 | 2012-13 | 11309.4754 |
| 9 | 2013-14 | 11309.4754 |
| 10 | 2014-15 | 11309.4754 |

Adithya

സെക്ഷൻ ഓഫീസർ